പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർ സെക്കന്ററി
വിഭാഗം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തിനഗർ,
തിരുവനന്തപുരം.
ഫോൺ: 0471-2323198
ഇ-മെയിൽ : jdacad@gmail.com

**നം.എസിഡി.എസ്പിസി(4)/166798/2019/എച്ച്.എസ്.ഇ.** **തീയതി: 20/11/2019**

# സർക്കുലർ

വിഷയം: – **പൊ.വി.വ- ഹയർ സെക്കന്ററി വിഭാഗം -സമഗ്രശിക്ഷാ കേരള 2019-20 - ഒന്നാം വർഷ ഹയർ സെക്കന്ററി മാനവിക വിഷയങ്ങളിലേയും കൊമേഴ്സ് വിഷയങ്ങളിലേയും വിദ്യാർത്ഥികൾക്കായി റസിഡൻഷ്യൽ ക്യാമ്പ് സംഘടിപ്പിക്കുന്നത് - സ്കൂളുകൾക്കുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.**

സൂചന : സമഗ്രശിക്ഷാ കേരളാ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള 15/10/2019 തീയതിയിലെ പി.3/2790/2019/ എസ്.എസ്.കെ നമ്പർ കത്ത്.

സംസ്ഥാനത്തെ ഹയർസെക്കന്ററി ഒന്നാം വർഷ സയൻസ് വിദ്യാർത്ഥികളുടെ ശാസ്ത്രാഭിരുചിയും ഗണിതാഭിരുചിയും വളർത്തുന്നതിന് സമഗ്രശിക്ഷാ കേരള-യുടെ നേതൃത്വത്തിൽ 'ശാസ്ത്രപഥം' പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഈ പരിപാടിക്ക് സമാനമായി ഈ വർഷം (2019-20) ഹയർസെക്കന്ററി/ വൊ.ഹയർസെക്കന്ററി വിഭാഗങ്ങളിലെ **ഹ്യുമാനിറ്റീസ്, കൊമേഴ്സ് വിഷയങ്ങളിലെ മികവു പുലർത്തുന്ന ഒന്നാം വർഷ വിദ്യാർത്ഥികളിൽ നിന്നും, തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് 3 ദിവസത്തെ റസിഡൻഷ്യൽ ക്യാമ്പ് ഓരോ ജില്ലയിലും സംഘടിപ്പിക്കുന്നതിന് സമഗ്രശിക്ഷാ കേരള തീരുമാനിച്ചിട്ടുണ്ട്.**

ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകൾ ഉള്ള ഓരോ സ്കൂളുകളിൽ നിന്നും ഒന്നാം വർഷ ഹയർസെക്കന്ററി ക്ലാസിൽ പഠിക്കുന്ന തെരഞ്ഞെടുത്ത (ഹ്യുമാനിറ്റീസിനും കൊമേഴ്സിനും പ്രത്യേകം പ്രത്യേകം) വിദ്യാർത്ഥികൾക്ക് ജില്ലകളിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വെച്ചാണ് 3 ദിവസത്തെ റസിഡൻഷ്യൽ ക്യാമ്പ് സംഘടിപ്പിക്കുന്നത്. ആയതിലേക്കായി പ്രസ്തുത വിഷയ ഗ്രൂപ്പുകൾ ഉള്ള എല്ലാ സ്കൂളുകളിലേയും **ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ നിന്നുമുള്ള രണ്ടുവീതം തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ പേരുവിവരം താഴെ കൊടുത്തിരിക്കുന്ന ഇ-മെയിൽ വിലാസത്തിൽ 30/11/2019-നകം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ടതാണ്**.

| | |
|---|---|
| വിവരങ്ങൾ ലഭ്യമാക്കേണ്ട ഇ-മെയിൽ വിലാസം | ssakerala@gmail.com |
| ലഭ്യമാക്കേണ്ട സമയപരിധി | **30/11/2019 നകം** |

**ഒപ്പ്**
**ജോയിന്റ് ഡയറക്ടർ(അക്കാദമിക്ക്)**
**(ഡയറക്ടർക്കു വേണ്ടി)**